## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3996 — 15.03.2017 -ൽ മറുപടിക്ക്

## കേരളത്തിന്റെ ടൂറിസം സാദ്ധ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിന്റെ ടൂറിസം സാദ്ധ്യതയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് പറയാമോ; | എ) കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ടൂറിസം ബീച്ചുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ബി) ബീച്ചുകളുടെ സ്വാഭാവികതയും മനോഹാരിതയും നിലനിർത്തിയുള്ള വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടൂറിസ്റ്റുകൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, ടോയ് ലറ്റ് സൗകര്യം, താമസ സൗകര്യം, വാർത്താവിനിമയ സൗകര്യം, വിനോദ ഉപാധികൾ, സുരക്ഷിതത്വം ഉറപ്പ് നൽകുന്ന പദ്ധതികൾ എന്നിവ ഏർപ്പെടുത്തി ബീച്ചുകളെ മനോഹരമാക്കി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

## കേരളത്തിന്റെ ടൂറിസം സാദ്ധ്യതയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

1. ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മെട്രോ ട്രെയിനുകൾ വഴിയുള്ള ക്യാമ്പയിൻ

2. മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ നടത്തി വരുന്ന പരസ്യ ക്യാമ്പയിൻ

3. ദുബായിലെ 200 ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് ക്യാമ്പയിൻ

4. ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ് ലേറ്റ്സ്, ഔട്ട് ഓഫ് ഹോം ക്യാമ്പയിൻ, പ്രസിദ്ധീകരണങ്ങൾ വഴിയുള്ള പരസ്യ ക്യാമ്പയിൻ

5. ആഭ്യന്തര വിനോദ സഞ്ചാരികൾക്ക് യാത്രാകൂലിയിൽ പ്രത്യേക ഇളവുകൾ ഉറപ്പാക്കി വിമാനയാത്രയിലൂടെയുള്ള ആഭ്യന്തര വിനോദ സഞ്ചാര വിപണി ശക്തിപ്പെടുത്തുന്നതിനായി ഡെസ്റ്റിനേഷൻ പ്രൊമോഷൻ എന്ന പേരിൽ ഒരു ഗോ എയർ ക്യാമ്പയിൻ സംഘടിപ്പിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ പ്രമുഖ വിമാന കമ്പനിയായ ഗോ എയറുമായി 28.8.2014 ൽ ധാരണാ പത്രം ഒപ്പ വയ്ക്കുകയും തുടർന്ന് സീസൺ സമയത്ത് വിനോദ സഞ്ചാരികൾ ഇതിന്റെ പ്രയോജനം ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.

6. വിസ-ഓൺ-അറൈവൽ എന്ന സംവിധാനത്തിൽ ആദ്യമായി 12 രാജ്യങ്ങളെ ഉൾപ്പെടുത്തി ക്കൊണ്ട് കം റ്റു കേരള എന്ന ഓൺലൈൻ മത്സരം സംഘടിപ്പിച്ചു ഇതിൽ വിജയികളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരളം സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു. ഇപ്പോൾ നിലവിൽ 113 രാജ്യങ്ങൾ വിസ ഓൺ അറൈവൽ എന്ന സംവിധാനത്തിൽ ഉൾപ്പെടുന്നു.

7. ഓൺ ലൈൻ മുഖേന പ്രശസ്തരായ ബ്ലോഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും (തിരുവനന്തപുരം മുതൽ കാസറഗോഡു വരെ) സന്ദർശിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ട് ഒരു ടൂർ സംഘടിപ്പിക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് അവരെക്കൊണ്ട് ബ്ലോഗിൽ വിവരണം നൽകുകയും ചെയ്യുന്ന ബ്ലോഗേഴ്സ് ക്യാമ്പയിൻ എന്ന പ്രചരണ പരിപാടിയും നടപ്പിലാക്കി വരുന്നു.

8. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുന്നു.

9. കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനായി കേരളത്തിന്റെ മികച്ച കലാരൂപങ്ങളെയും ഉത്സവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകൾ, സി.ഡി.കൾ എന്നിവ

നിർമ്മിക്കുകയും അവ കേരളത്തിനു പുറത്തും വിദേശത്തും ഉള്ള ട്രാവൽ ടൂർ ഓപ്പറേറ്റർമാർക്ക് എത്തിച്ചുകൊടുക്കുന്നു.

10. ജർമനി പോലുള്ള തെരഞ്ഞെടുക്കപ്പെട്ട രാജ്യാന്തര, ദേശീയ വിപണികളിൽ കേരള ഹോം ഓഫ് ആയുർവേദ പ്രചാരണ പരിപാടിയുടെ രണ്ടാം ഘട്ടം സംഘടിപ്പിക്കുന്നു.

11. സംസ്ഥാനത്തെ പൈതൃക വിനോദസഞ്ചാരം പ്രചരിപ്പിക്കുന്നതിനായി രാജ്യാന്തര പ്രചാരണ പരിപാടികളിൽ സ്പൈസ് റൂട്ട്, മുസ്സിരിസ് പൈതൃകങ്ങളെയും ഉൾപ്പെടുത്തും.

12. ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി, പ്രാദേശിക സമൂഹങ്ങളെ വിനോദസഞ്ചാരത്തിലേക്കും അതിന്റെ സാധ്യതകളിലേക്കും ക്ഷണിക്കുകയെന്ന ലക്ഷ്യത്തോടെ " ദൈവത്തിന്റെ സ്വന്തം നാട്- ജനങ്ങളുടെ സ്വന്തം ടൂറിസം " എന്ന പേരിൽ സംസ്ഥാനത്തുടനീളം പ്രചാരണങ്ങൾ നടത്തി വരുന്നു.

(signature)

സെക്ഷൻ ഓഫീസർ.